**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5568 02-07-2014-ൽ മറുപടിയ്ക്ക്

## മഴക്കാല രോഗങ്ങൾ തടയാൻ കോഴിക്കോട് ജില്ലയിൽ മൊബൈൽ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി |
| (എ) മഴക്കാല രോഗങ്ങൾ തടയാൻ ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലയിൽ മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി)<br><br>ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ ഏരിയ കേന്ദ്രീകരിച്ച് ഒരു മൊബൈൽ യൂണിറ്റും മരുതോങ്കര കേന്ദ്രീകരിച്ച് (വടകര ഭാഗം) മറ്റൊരു മൊബൈൽ യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | |
| (സി) മൊബൈൽ യൂണിറ്റുകളുടെ സേവനം നൽകുന്ന കേന്ദ്രങ്ങളുടെ പേരും സേവനസമയവും പൊതുജനങ്ങളെ അറിയിക്കാനുള്ള എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) കോഴിക്കോട് കോർപ്പറേഷൻ ഏരിയയിലുള്ള പള്ളിക്കണ്ടി, പുതിയാപ്പ, കല്ലായി, വെസ്റ്റ്ഹിൽ എന്നീ സ്ഥലങ്ങൾ, കേന്ദ്രീകരിച്ച് രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിച്ചിട്ടുണ്ട്. മരുതോങ്കര ഏരിയയിലുള്ള വട്ടക്കൈത, മാമ്പിലാട്, കോതോട്, വട്ടക്കൈത മുകൾ ഭാഗം, കയ്യാലിൽ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ മഴ കുറഞ്ഞതു കാരണം പനിബാധിതരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞതിനാൽ പ്രസ്തുത മൊബൈൽ ക്ലിനിക്കുകൾ താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്. ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഇവ വീണ്ടും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ